24/11/21

2/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.566(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.1242/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പ്രേംകുമാർ,
പവിത്ര, ടി.സി 7/1690,
പാങ്ങോട്, തിരുമല പി.ഒ.,
തിരുവനന്തപുരം-695006 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
   പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   ജോയിന്റ് കമ്മീഷണർ,
   പരീക്ഷാ ഭവൻ, പൂജപ്പുര,
   തിരുവനന്തപുരം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.12.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.06.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 29.10.2021 & കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| --- | --- |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രേംകുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വിവരങ്ങൾ നിഷേധിച്ചുവെന്നും ആയതിനാൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ചുകൊണ്ടുള്ള മറുപടി നൽകിയെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 10.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 01.10.2020 ലെ EX/A4/19869/2020/CGE കത്ത് പ്രകാരം ഒരിക്കൽ കൂടി മൂല്യ നിർണ്ണയം നടത്തിയ ശേഷമുള്ള ഗണിതശാസ്ത്ര വിഷയത്തിന്റെ ഉത്തരക്കടലാന്റെ പകർപ്പ് ലഭ്യമാക്കണമെന്നും, 2019–20 അധ്യയന വർഷത്തിലെ SSLC പരീക്ഷയുടെ 509974 രജിസ്റ്റർ നമ്പരിലുള്ള കുട്ടിയുടെ ഗണിത ശാസ്ത്ര വിഷയത്തിലെ ഉത്തരക്കടലാസ് ഏത് സെന്ററിലാണ് മൂല്യ നിർണ്ണയം ചെയ്തതെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 16.11.2021 തീയതി നൽകിയ മറുപടിയിന്മേൽ ക്രമനമ്പർ 1–ന് വിവരാവകാശ നിയമത്തിലെ സെക്ഷൻ 8(ജെ) പ്രകാരം വിവരം ലഭ്യമാക്കാൻ കഴിയില്ലെന്നും ക്രമനമ്പർ 3,4 എന്നിവയ്ക്ക് സെക്ഷൻ 8(ജെ) 8(ജി) പ്രകാരം വിവരം ലഭ്യമാക്കാൻ കഴിയില്ലെന്നും ക്രമനമ്പർ 5 ന് വിവരാവകാശ നിയമ പ്രകാരം ബാധകമല്ലെന്നും അറിയിച്ചതായി കാണുന്നു. ആയതിനാൽ ഹർജിക്കാരൻ 21.11.2020 തീയതി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന്മേൽ രണ്ടാം എതിർകക്ഷി 24.12.2020 ൽ ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 26.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിക്കുന്നതിന് നിലവിലെ ചട്ട പ്രകാരം പരീക്ഷാർത്ഥി നേരിട്ട് നിശ്ചിത ഫീസ് അടച്ച് അപേക്ഷിക്കേണ്ടതിനാലും ഹർജിക്കാരൻ ആവശ്യപ്പെട്ട മറ്റു സ്വകാര്യ വിവരങ്ങൾ കൈമാറുന്നത് പൊതു താൽപ്പര്യത്തിൽ ഉൾപ്പെടുന്നില്ല എന്ന് കണ്ടതിനാലുമാണ് വിവരാവകാശ ഓഫീസർ ടിയാന് അപ്രകാരം മറുപടി നൽകിയതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 10.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 16.11.2020 തീയതി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ 21.11.2020 ൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ അപ്പീൽ അധികാരിയും 24.12.2020 തീയതി അപ്പീൽ അപേക്ഷ തീർപ്പാക്കിയതായി കാണുന്നു. എന്നാൽ ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ലഭിച്ചതായി കാണുന്നില്ല. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിയുടെ പ്രതിനിധി സീനിയർ സൂപ്രണ്ടായ ശ്രീ. എം.ആർ. പ്രദീപ് മൊഴി നൽകിയത് മൂല്യ നിർണ്ണയം നടത്തിയ ഉത്തരപേപ്പറിന്റെ പകർപ്പ് ലഭിക്കുന്നതിന് പരീക്ഷാർത്ഥിക്ക് അർഹതയുണ്ടെന്നും പരീക്ഷാർത്ഥിക്ക് ഒഴികെ മറ്റാർക്കും ഉത്തര പേപ്പറിന്റെ പകർപ്പ് അനുവദിക്കാൻ കഴിയില്ലെന്നും ഇവിടെ പരീക്ഷാർത്ഥിക്കു പകരം ശ്രീ. പ്രേംകുമാർ (ടിയാന്റെ പിതാവ്) ആണ് അപേക്ഷിച്ചിട്ടുള്ളതായി കാണുന്നത്. ഉത്തരപേപ്പർ മൂല്യനിർണ്ണയം നടത്തിയ അധ്യാപകരുടെ സ്വകാര്യ വിവരങ്ങൾ കൈമാറുന്നതിൽ പൊതു താൽപര്യമില്ലെന്നും മാത്രമല്ല ഓൺലൈൻ വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നതെന്നും ടിയാൻ ഓൺലൈൻ വഴിയല്ല അപേക്ഷ നൽകിയതെന്നും പരീക്ഷാർത്ഥിയുടെ പിതാവിന് മൂല്യ നിർണ്ണയം നടത്തിയ ഉത്തരപേപ്പറിന്റെ പകർപ്പ് ലഭിക്കുന്നതിന് അർഹതയില്ലെന്നുമാണ്. ഒരു പരീക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് സ്വകാര്യ താത്പര്യം നിലനിൽക്കുന്നതല്ല. എന്നിരുന്നാലും പരീക്ഷാർത്ഥി തന്നെ അപേക്ഷ നൽകേണ്ടതായിരുന്നു എന്നു കമ്മീഷന് ബോധ്യമാകുന്നു. പരീക്ഷാർത്ഥിയുടെ മൂല്യ നിർണ്ണയം നടത്തിയ ഉത്തരപേപ്പറിന്റെ പകർപ്പ് ലഭിക്കുന്നതിന് പരീക്ഷാർത്ഥി തികച്ചും അർഹനാണ്.

ആയതിനാൽ ഇനിയും ആയത് ലഭിക്കേണ്ടതുണ്ടെങ്കിൽ ഓൺലൈൻ വഴി പരീക്ഷാർത്ഥി പുതിയ ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ അപ്രകാരം നൽകുന്ന പക്ഷം ആയത് 5 ദിവസത്തിനുളളിൽ എസ്.പി.ഐ.ഒ. നൽകേണ്ടതുമാണ്. രണ്ടാമത്തെ ചോദ്യത്തിന് കൃത്യമായി മറുപടി നൽകിയിട്ടുളളതായി കാണുന്നു. പരീക്ഷാ പേപ്പർ മൂല്യനിർണ്ണയം നടത്തിയ അധ്യാപകരുടെ സ്വകാര്യ വിവരങ്ങളാണ് രണ്ടും മൂന്നും ചോദ്യങ്ങളിൽ ഉന്നയിച്ചിരിക്കുന്നത്. അതു സംബന്ധിച്ച് എതിർകക്ഷി നൽകിയിരിക്കുന്ന മറുപടി അംഗീകരിക്കാവുന്നതായിട്ടാണ് കാണുന്നത്. ഗണിതശാസ്ത്രത്തിന്റെ ഉത്തരക്കടലാസ് ഒരിക്കൽ കൂടി മൂല്യനിർണ്ണയം നടത്തിയതിന്റെ ഫലമായി പരീക്ഷാർത്ഥിക്ക് 4 മാർക്ക് അധികമായി ലഭിച്ചു എന്ന് ഹിയറിംഗ് വേളയിൽ ശ്രീ. പ്രേംകുമാർ മൊഴി രേഖപ്പെടുത്തി ആയത് മാർക്ക് ലിസ്റ്റിൽ തിരുത്തി നൽകുന്നതിന് അപേക്ഷകന് എതിർകക്ഷി ഓഫീസിനെ സമീപിക്കാവുന്നതാണ്.പരീക്ഷാ പേപ്പർ പുനർമൂല്യനിർണയം നടത്തിയപ്പോൾ ഉണ്ടായ വ്യത്യാസം പരീക്ഷ കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുത്തി അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടില്ലാത്ത തിനാലാണ് വിവരാവകാശ നിയമപ്രകാരം ബാധകമല്ല എന്ന മറുപടി നൽകിയതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. പരീക്ഷാ കമ്മീഷണർ ആയതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 02–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp